മലയാള മനോരമ
ESTABLISHED 1888

**18 April 2017**



സിഎംഎഫ്ആർഐയിൽ പ്രഭാഷണത്തിനെത്തിയ ഡോ. മാർട്ടിൻ ബാവിക്കിന് -ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ഉപഹാരം സമ്മാനിക്കുന്നു. ഡോ. സുനിൽ മുഹമ്മദ് സമീപം

# ‘മൽസ്യബന്ധന മേഖലയിൽ ഇടപെടുന്നത് ശാസ്ത്രത്തിനു പകരം രാഷ്ട്രീയം’

കൊച്ചി • ശാസ്ത്രത്തിനു പകരം രാഷ്ട്രീയമാണ് ഇന്ത്യയടക്കമുള്ള രാജ്യങ്ങളിൽ മൽസ്യബന്ധനവുമായി ബന്ധപ്പെട്ട ഭരണനിർവഹണത്തിൽ പങ്കു വഹിക്കുന്നതെന്നു മൽസ്യമേഖലയിലെ ഗവേഷകനായ ഡോ. മാർട്ടിൻ ബാവിക്.

ഇന്ത്യയുടെയും ശ്രീലങ്കയുടെയും സമുദ്രാതിർത്തിയിൽ മൽസ്യബന്ധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് അറുതിയില്ലാത്തത് ഇത്തരം രാഷ്ട്രീയ കാരണങ്ങൾ കൊണ്ടാണെന്നും മൽസ്യബന്ധന മേഖലയിലെ ഭരണനിർവഹണം എന്ന വിഷയത്തിൽ കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണകേന്ദ്രത്തിൽ (സിഎംഎഫ്ആർഐ) നടത്തിയ പ്രഭാഷണത്തിൽ അദ്ദേഹം വ്യക്തമാക്കി.

മൽസ്യബന്ധനം നടത്തുന്നതു ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ നിയന്ത്രണവിധേയമാക്കണം.

യാനങ്ങളുടെ വലുപ്പം കുറയ്ക്കുന്നതിനു നടപടി വേണം.

ശാസ്ത്രപഠനങ്ങളുടെ അടിസ്ഥാനത്തിലുള്ള മാർഗനിർദേശങ്ങൾ നടപ്പിലാക്കാൻ സിഎംഎഫ്ആർഐയും ശ്രീലങ്കയുടെ നാഷനൽ അക്വാറ്റിക് റിസോഴ്സ് റിസർച് ആൻഡ് ഡവലപ്മെന്റ് ഏജൻസിയും സംയുക്ത പഠനം നടത്തണം.

മൽസ്യബന്ധനത്തിലൂടെ ഇന്ത്യക്കു നേട്ടമുണ്ടാക്കാനായിട്ടുണ്ടെങ്കിലും അമിത മൽസ്യബന്ധനത്തിലൂടെ സമുദ്ര ആവാസ വ്യവസ്ഥ തകർന്നിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

വൻകിട മൽസ്യബന്ധന രീതികൾ മൽസ്യസമ്പത്തിനു ദോഷം ചെയ്യും.

ചെറുകിട മൽസ്യബന്ധനത്തിലേർപ്പെടുന്നവരുടെ ഉപജീവനവും ഭീഷണിയിലാണ്.

രാജ്യത്തിന്റെ സമുദ്രസമ്പത്ത് സംരക്ഷിക്കുന്നതിനു പങ്കാളിത്ത പരിപാലനരീതി വികസിപ്പിക്കണമെന്നും നയങ്ങൾ രൂപപ്പെടുത്തുമ്പോൾ ചെറുകിട മൽസ്യത്തൊഴിലാളികളുടെ തൊഴിൽ ലഭ്യതയ്ക്കും വരുമാനത്തിനും ഊന്നൽ നൽകണമെന്നും അദ്ദേഹം നിർദേശിച്ചു.